# പ്ലാച്ചിമട സമരം ഇപ്പോഴും ശക്തമാണ്

**മുതലാംതോട് മണി**
(ചെയർപേഴ്സൺ, പ്ലാച്ചിമട ഐക്യദാർഢ്യ സമിതി)

**1.** പ്ലാച്ചിമട സമരം ശക്തമായതുകൊണ്ടാണ് കൊക്കക്കോളയുണ്ടാക്കിയ നഷ്ടങ്ങളെക്കുറിച്ച് പഠിക്കാൻ ഉന്നതാധികാര സമിതി രൂപീകൃതമായതും അവരുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പ്ലാച്ചിമട ട്രിബ്യൂണൽ ബിൽ നിയമസഭ പാസാക്കിയതും. ബില്ല് കേരളത്തിൽ തന്നെ യാഥാർത്ഥ്യമാക്കാമായിരുന്നു എന്നും അന്നത്തെ ഇടതുമന്ത്രിസഭയിലെ ചിലർ ബില്ലിനെ തടസ്സപ്പെടുത്താൻ വേണ്ടിയാണ് അത് കേന്ദ്രത്തിന്റെ അനുമതിക്കായി അയച്ചതെന്നും ചില നിയമജ്ഞർ അഭിപ്രായം പറഞ്ഞിട്ടുണ്ട്. അങ്ങനെയുണ്ടെങ്കിൽ കൊക്കക്കോള ഭരണതലത്തിൽ സ്വാധീനം ചെലുത്തുന്നു എന്നതിന്റെ തെളിവായി ആ സംഭവത്തെ എടുക്കാം. കേന്ദ്രത്തിലേക്ക് അയച്ച ബില്ലിനെ തകർക്കാൻ കോള പരസ്യമായി ശ്രമിക്കുന്നുണ്ടല്ലോ. ബില്ലിനെ ചോദ്യം ചെയ്തുകൊണ്ട് കൊക്കക്കോള നൽകിയ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ കേരളത്തിലേക്ക് ബില്ല് തിരിച്ചയച്ച ആഭ്യന്തര മന്ത്രാലയമാണ് കേന്ദ്രത്തിലുള്ളത്. കേരളം വേണ്ടവിധത്തിലുള്ള മറുപടി നൽകി ബിൽ കേന്ദ്രത്തിലേക്ക് മടക്കിയയച്ചിട്ടും കേന്ദ്രം മറുപടി പറയാതെ വൈകിക്കുകയാണ്. സമരത്തിന്റെ ശക്തികൊണ്ടാണ് ബില്ലിനെതിരായ നീക്കങ്ങളെയെല്ലാം തടയാൻ കഴിയുന്നത്. സമരത്തിലൂടെ ലോകത്തിലാദ്യമായി ഒരു കൊക്കക്കോള കമ്പനി പൂട്ടുന്നത് പ്ലാച്ചിമടയിലാണ്. കേവലം രണ്ട് വർഷം മാത്രമാണ് കൊക്കക്കോളയ്ക്ക് പ്ലാച്ചിമടയിൽ പ്രവർത്തിക്കാൻ കഴിഞ്ഞത്. എന്നാൽ പാലക്കാട് ജില്ലയിലെ പുതുശ്ശേരിയിൽ കുടിവെള്ളം ഊറ്റിയെടുക്കുന്ന, മലിനീകരണം നടത്തുന്ന പെപ്സി കമ്പനി ഇപ്പോഴും യഥേഷ്ടം പ്രവർത്തിക്കുകയാണ്. പ്ലാച്ചിമട സമരത്തിന്റെ ശക്തിതന്നെയാണ് ഇതെല്ലാം ബോധ്യപ്പെടുത്തുന്നത്.

**2.** അടച്ചുപൂട്ടിയ ഒരു കമ്പനിക്ക് മുന്നിൽ ശക്തമായ സമരങ്ങൾ നടത്തുന്നതിന് ചില പരിമിതികളുണ്ട്. കമ്പനി അടച്ചുപൂട്ടിയ ശേഷം പ്ലാച്ചിമടയിൽ പഴയ രീതിയിലുള്ള പ്രത്യക്ഷ സമരങ്ങൾ കുറവായിരുന്നു. അതിനർത്ഥം സമരം ക്ഷീണിച്ചു എന്നല്ല. കൊക്കക്കോളയ്ക്ക് നികുതി ഇളവ് അനുവദിച്ചത് സമരത്തിന്റെ ക്ഷീണം കൊണ്ടാണ് എന്ന് പറയാൻ കഴിയില്ല. സർക്കാറിന്റെ നയമാണത്. പ്ലാച്ചിമടയിൽ ചെയ്ത കുറ്റകൃത്യങ്ങളുടെ അടിസ്ഥാനത്തിൽ കരിംപട്ടികയിൽ പെടുത്തേണ്ട ഒരു കമ്പനിക്കാണ് അഞ്ച് കോടിയിലധികം ഇളവ് നൽകാൻ സർക്കാർ തീരുമാനിച്ചിരിക്കുന്നത്. സർക്കാർ നിയോഗിച്ച വിദഗ്ധ സമിതി തന്നെയാണ് പ്ലാച്ചിമടയിൽ കൊക്കക്കോള കുറ്റം ചെയ്തതായി കണ്ടെത്തിയത്. എന്നിട്ടും കൊക്കക്കോളയ്ക്ക് നികുതി നൽകാൻ അവർ മുൻകൈയെടുക്കുന്നത് തീർത്തും അപലപനീയമാണ്. ഹൈക്കോടതി വിധിയുടെ അടിസ്ഥാനത്തിലാണ് വ്യവസായ വകുപ്പ് നികുതി ഇളവിന് ഉത്തരവിട്ടിരിക്കുന്നത്. ആ ഉത്തരവ് പിൻവലിച്ച് സർക്കാർ ഹൈക്കോടതി വിധിക്കെതിരെ സുപ്രീംകോടതിയിൽ അപ്പീൽ പോകണമെന്നാണ് ഞങ്ങളുടെ ആവശ്യം.

**3.** തദ്ദേശീയ ജനതയുടെ പങ്കാളിത്തം കുറഞ്ഞു എന്ന് പറയാൻ കഴിയില്ല. കമ്പനി അടച്ച്പൂട്ടിയതിന് ശേഷവും പ്ലാച്ചിമട സമരം മുന്നോട്ട് വച്ച മറ്റ് ലക്ഷ്യങ്ങൾ നേടുന്നതിനായി കേരളത്തിന്റെ വിവിധ ഭാഗങ്ങളിൽ നടന്ന സമരപരിപാടികളിൽ പ്ലാച്ചിമടക്കാരുടെ വലിയ പങ്കാളിത്തമുണ്ടായിട്ടുണ്ട്. അവരുടെ ആ സമരശക്തിക്ക് കഴിയുന്നത്ര പിന്തുണ കേരളത്തിന്റെ പല ഭാഗങ്ങളിൽ നിന്നുള്ള പ്ലാച്ചിമട ഐക്യദാർഢ്യ പ്രവർത്തകർ നൽകുന്നുമുണ്ട്.

**4.** തദ്ദേശീയ ജനതയെ ശാക്തീകരിക്കാൻ സമരത്തിന് കഴിഞ്ഞിട്ടുണ്ട്. അവർ ശാക്തീകരിക്കപ്പെട്ടതിന്റെ ഫലമായാണല്ലോ ഇത്രയും വലിയ കോർപ്പറേറ്റ് കമ്പനിക്ക് പ്രവർത്തനം ഉപേക്ഷിക്കേണ്ടി വന്നതും സ്വന്തം മുഖം രക്ഷിക്കാൻ ഏറെ പ്രയാസപ്പെടേണ്ടി വരുന്നതും. തദ്ദേശീയ ജനങ്ങൾ തന്നെയാണ് പ്ലാച്ചിമട സമരത്തിന്റെ ശക്തി. ഞാൻ മു

മ്പ് സൂചിപ്പിച്ചതുപോലെ കൊക്കക്കോള ചെയ്ത അതേ കുറ്റകൃത്യങ്ങൾ തുടരുന്ന പെപ്സി കമ്പനി ഇപ്പോഴും അടച്ചുപൂട്ടാത്തതിന് കാരണം പ്രാദേശികമായി അവിടെ സമരമില്ല എന്നതുതന്നെയാണ്.

**5.** പ്ലാച്ചിമടയിൽ ചെയ്യാൻ കഴിയുന്ന സമരങ്ങളെല്ലാം ചെയ്തു കഴിഞ്ഞു എന്ന് പറയാൻ കഴിയില്ല. ബഹുരാഷ്ട്ര കമ്പനി നടത്തിയ കുറ്റകൃത്യങ്ങൾക്ക് അവരെ വിചാരണ ചെയ്ത്, ഇരകൾക്ക് മാന്യമായ നഷ്ടപരിഹാരം കൊടുക്കണമെങ്കിൽ നീണ്ടകാലത്തെ സമരം വേണ്ടിവരുമെന്ന് തന്നെയാണ് നമ്മുടെ അനുഭവങ്ങൾ. ഭോപ്പാലിൽ യൂണിയൻ കാർബൈഡ് കമ്പനി സൃഷ്ടിച്ച വാതക ദുരന്തത്തിന്റെ ഇരകളാക്കപ്പെട്ടവർ കഴിഞ്ഞ 25 വർഷത്തിലേറെയായി സമരത്തിലാണ്. എന്നിട്ടും അവർക്ക് നീതി ലഭ്യമായിട്ടില്ല. മാത്രമല്ല, വളരെ മോശമായ പ്രതികരണമാണ് സർക്കാറിന്റെ ഭാഗത്ത് നിന്നും സമരത്തിന് നേരിടേണ്ടിവരുന്നത്. പക്ഷെ ഭോപ്പാൽ സമരപ്രവർത്തകർ സഹനസമരപാതയിൽ ഉറച്ചുനിൽക്കുകയാണ്. സമാനമായ സാഹചര്യമാണ് പ്ലാച്ചിമടയിലുമുള്ളത്. കൊക്കക്കോളയെ രക്ഷിക്കാൻ വേണ്ടിയാണ് സർക്കാർ സംവിധാനങ്ങളെല്ലാം പണിപ്പെടുന്നത്. സമരത്തിൽ ഉറച്ചുനിന്ന് പോരാടുക എന്നത് മാത്രമാണ് നമുക്ക് മുന്നിലുള്ള വഴി.

**6.** സമരം നീണ്ടുപോകുന്നതുകൊണ്ട് നിരാശയുണ്ടാവുക എന്നത് സ്വാഭാവികമാണ്. എന്നാൽ സമരത്തെ ബാധിക്കുന്ന തരത്തിലുള്ള നിരാശയൊന്നും പ്ലാച്ചിമട സമരപ്രവർത്തകർക്കില്ല. സമരത്തിന്റെ ആഗോള പ്രാധാന്യം തിരിച്ചറിഞ്ഞുകൊണ്ട് തന്നെ അവർ സമരത്തിൽ ഉറച്ചുനിൽക്കുന്നുണ്ട്. സമരശക്തിയുടെ കുറവുകൊണ്ടല്ല, കൊക്കക്കോളയ്ക്ക് ദാസ്യവേല ചെയ്യുന്ന ഭരണ സംവിധാനങ്ങൾ തീരുമാനങ്ങൾ വൈകിക്കുന്നതുകൊണ്ടാണ് സമരം നീണ്ടുപോകുന്നത്. തീരുമാനങ്ങളെടുക്കാൻ നിയോഗിക്കപ്പെട്ട അത്തരം രാഷ്ട്രീയക്കാരേയും ഉദ്യോഗസ്ഥരേയും  മറികടന്ന് കൊക്കക്കോള ശിക്ഷിക്കപ്പെടുന്നതിന് ഉണ്ടാകുന്ന സ്വാഭാവികമായ കാലതാമസം മാത്രമാണ് ഇപ്പോഴുള്ളത്. സമരം ആ രീതിയിലാണ് അതിനെ കാണുന്നതും.

**7.** കോർപ്പറേറ്റുകൾ നിയന്ത്രിക്കുന്ന സർക്കാറാണ് കേന്ദ്രം ഭരിക്കുന്നത്. യു.എസ് സർക്കാറിന്റെ തീരുമാനങ്ങളെപ്പോലും സ്വാധീനിക്കാൻ ശേഷിയുള്ള കൊക്കക്കോളയ്ക്ക് ഈ കേന്ദ്ര സർക്കാറിനെ വിലയ്ക്കെടുക്കാൻ വലിയ പ്രയാസമൊന്നുമില്ല. നിയമം പാസാക്കുന്നതിൽ എതിർപ്പൊന്നും പറയാതിരുന്ന കേരളത്തിലെ ഭരണപ്രതിപക്ഷ കക്ഷികൾക്ക് ഇതിലൊന്നും ഒരു താത്പര്യവുമില്ല.

**8.** കേന്ദ്ര ആഭ്യന്തര മന്ത്രാലയത്തിന്റെ കൈവശമാണ് ഇപ്പോൾ ബില്ല്. അവർ അത് പ്രസിഡന്റിന്റെ അനുമതിക്കായി അയയ്ക്കുന്നില്ല എന്നതാണ് പ്രശ്നം. ചിദംബരം ആഭ്യമന്ത്രിയായിരിക്കുന്ന സമയത്ത് കൊക്കക്കോള ശക്തമായ ഇടപെടൽ മന്ത്രാലയത്തിൽ നടത്തിയിരുന്നു. ചിദംബരത്തിന്റെ ഭാര്യ നളിനി ചിദംബരം കൊക്കക്കോളയുടെ അഭിഭാഷകയായി പ്രവർത്തിച്ചിട്ടുള്ളയാളാണ്. ചിദംബരത്തിന് ശേഷം വന്ന സുശീൽകുമാർ ഷിൻഡെ ബില്ലിനെക്കുറിച്ച് അറിയില്ലെന്നാണ് പറയുന്നത്. ബില്ലിന്റെ സ്ഥിതിയെന്താണ് എന്നറിയുന്നതിനും ബില്ല് യാഥാർത്ഥ്യമാക്കുന്നതിനും സമരങ്ങൾ മാത്രമാണ് മാർഗ്ഗമായുള്ളത്.

**9.** 11 വർഷമായി രക്തച്ചൊരിച്ചിലൊന്നുമില്ലാതെ സമരം തുടരുന്നു എന്നത് വലിയ കാര്യമാണ്. കൊക്കക്കോള ചെയ്ത കുറ്റകൃത്യങ്ങൾ കണ്ടെത്താൻ ഉന്നതാധികാര സമിതി രൂപീകൃതമായതും അവരുടെ കണ്ടെത്തലുകളുടെ അടിസ്ഥാനത്തിൽ കൊക്കക്കോളയിൽ നിന്നും നഷ്ടപരിഹാരം ഈടാക്കാൻ ട്രിബ്യൂണൽ രൂപീകരിക്കുന്നതിനായി ബില്ലുണ്ടായതും വലിയ നേട്ടമാണ്. എന്നാൽ പ്ലാച്ചിമട സമരം മുന്നോട്ട് വച്ച ലക്ഷ്യങ്ങൾ പൂർണ്ണമായിട്ടില്ല. അവ നേടിയെടുക്കാൻ അനുയോജ്യമായ സമരപരിപാടികളുമായി ഇനിയും മുന്നോട്ട് പോകണം.

**10.** പഞ്ചായത്തീരാജ് ആക്ടിൽ പരിഷ്കരണങ്ങൾ വരുത്തി അധികാരം ജനങ്ങൾക്ക് കൈമാറുക എന്നതാണ് പ്ലാച്ചിമടകൾ ആവർത്തിക്കാതിരിക്കുന്നതിനുള്ള പരിഹാരം. നായനാർ സർക്കാറിന്റെ കാലത്ത് എടുത്തുകളഞ്ഞ അധികാരങ്ങൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് തിരിച്ചുനൽകണം. രാഷ്ട്രീയ പാർട്ടികൾ ആ ആവശ്യത്തിന് പൂർണ്ണമായും എതിരാണ്. പ്ലാച്ചിമട സമരത്തിൽ പങ്കെടുത്തപ്പോഴും വിഭവത്തിന്റെ അധികാരം ജനങ്ങൾക്ക് കൈമാറുന്ന ആവശ്യത്തിനൊപ്പം നിൽക്കാൻ രാഷ്ട്രീയക്കാരൊന്നും തയ്യാറായിട്ടില്ല. തങ്ങളുടെ അധികാരം ജനങ്ങൾക്ക് കൈമാറാൻ അവർ ആഗ്രഹിക്കുന്നില്ല. ■